(ബി) ഉണ്ടെങ്കിൽ ഈ ഐ.ടി.സി.-യിൽ കൂടുതൽ കോഴ്സുകൾ അടിയന്തിരമായി തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) എന്നത്തേക്ക് ഈ ഐ.ടി.സി.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

22 [602] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുമായി കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ എന്തു തുക യാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; അതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ കാലയളവിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തു തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നടപടി

23 [603] *ശ്രീ. തോമസ് ചാഴികാടൻ:*

,, *കെ. നാരായണക്കുറുപ്പ്:*

,, *റാഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ നഴ്സിംഗ് കോളേജുകൾ ഈ അധ്യയനവർഷംതന്നെ ആരംഭിക്കുവാനാണോ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദ്യഘട്ടമായി എത്ര നഴ്സിംഗ് കോളേജുകളാണ് ആരംഭിക്കുവാനുദ്ദേശിക്കുന്നത്;

(ഡി) നഴ്സിംഗ് കോളേജുകൾക്ക് ആവശ്യമായ ആശുപത്രി സൗകര്യം ലഭ്യമാക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കൂടാതെ, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങാൻ താൽപ്പര്യമുള്ള പട്ടികജാതി സംഘടനകൾക്ക് സർക്കാർ ആശുപത്രികളിൽ ആവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) സാദ്ധ്യത ആരാഞ്ഞുവരുന്നു.

(സി) എണ്ണം തീരുമാനിച്ചിട്ടില്ല.

(ഡി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ ആശുപത്രികളിൽ നിന്നും എല്ലാവിധ പരിശീലന സൗകര്യങ്ങളും നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

സ്വന്തമായി വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുവച്ച് നൽകുന്നതിന് നടപടി

24 [604] *ശ്രീ സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീടുവച്ചുകൊടുത്തു എന്ന് വ്യക്തമാക്കുമോ;

(സി) വീടില്ലാത്ത ഈ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഏത് വർഷത്തോടെ വീടുവച്ച് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭവനരഹിതരായ 47,365 പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly